കണ്ണൂർ കോഴിക്കോട് ടൗൺ-ടു-ടൗൺ സർവ്വീസ്

82 [3516] *ശ്രീ. കെ. സുധാകരൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യ്ക്ക് കണ്ണൂരിനേയും കോഴിക്കോടിനേയും ബന്ധിപ്പിക്കുന്ന ടൗൺ-ടു-ടൗൺബസ് സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര സർവ്വീസുകൾ ഉണ്ട്;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കോഴിക്കോട് കണ്ണൂർ റൂട്ടിൽ ധാരാളം പ്രൈവറ്റ് ബസ്സുകൾ ഉള്ളതുകാരണം കെ. എസ്. ആർ. ടി. സി. യുടെ ടൗൺ-ടു-ടൗൺ സർവ്വീസുകൾക്ക് വരുമാനം തീരെ കുറവായിരുന്നു. ആയതിനാലാണ് പ്രസ്തുത സർവ്വീസ് നിലനിർത്താൻ കഴിയാതിരുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാനാവില്ല.

കണ്ണൂർ കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സിന് അനുവദിച്ച തുക

83 [3517] *ശ്രീ. കെ. സുധാകരൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ കണ്ണൂർ ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാകും;

(ബി) പ്രസ്തുത പണി പൂർത്തിയാക്കുവാനായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു കഴിഞ്ഞു.

(ബി) 1,52,87,200 രൂപ (ഒരു കോടി അമ്പത്തിരണ്ട് ലക്ഷത്തി എൺപത്തിയേഴായിരത്തി ഇരുന്നൂറ് രൂപ) ഈ പണിക്കുവേണ്ടി അനുവദിച്ചത്.

പയ്യന്നൂരിൽനിന്നും ബാംഗ്ലൂരിലേക്ക് കെ. എസ്. ആർ. ടി. സി. സർവ്വീസ്

84 [3518] *ശ്രീ. കെ. സി. ജോസഫ്:* താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

ബാഗ്ലൂരിലേക്കുള്ള യാത്രക്കാരുടെ വർദ്ധനവ് കണക്കിലെടുത്ത് പയ്യന്നൂരിൽനിന്നും ചെറുപുഴ - ആലക്കാട്, ശ്രീകണ്ഠപുരം - ഇരിട്ടി - വള്ളിത്തോടുവഴി ബാഗ്ലൂരിലേക്ക് കെ.എസ്.ആർ.ടി.സി. ഒരു സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരള സർക്കാർ കർണ്ണാടക സർക്കാരുമായി ഉണ്ടാക്കിയിട്ടുള്ള അന്തർ സംസ്ഥാന കരാറിൽ പ്രസ്തുത റൂട്ട് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതുവഴി സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

മേലാറന്നൂർ വഴി ബസ് സർവ്വീസ്

85 [3519] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ ഉദ്യോഗസ്ഥ പാർപ്പിട സമുച്ചയമായ മേലാറന്നൂർ സർക്കാർ ക്വാർട്ടേഴ്സ് വഴി രാവിലെയും വൈകിട്ടുമൊഴികെ മറ്റ് സമയങ്ങളിൽ ബസ് ഗതാഗത സൗകര്യം ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി./ പ്രൈവറ്റ് ബസ്സുകൾ എന്നിവയ്ക്ക് പകൽ സമയങ്ങളിൽ പെർമിറ്റ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പ്രധാനമായും സർക്കാർ ഉദ്യോഗസ്ഥർ മാത്രം അധിവസിക്കുന്ന ഈ പ്രദേശത്തേയ്ക്ക് 9.30-നു ശേഷവും 4.30-നു മുൻപും സർവ്വീസ് നടത്തിയാൽ വേണ്ടത്ര യാത്രക്കാരെ ലഭിക്കില്ലായെന്നതിനാലാണ് സർവ്വീസ് നടത്താത്തത്. എന്നാൽ കാര്യമായ യാത്രാക്ലേശം ഉള്ളതായി ബോദ്ധ്യപ്പെട്ടാൽ കൂടുതൽ സർവ്വീസുകൾ നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

മാട്ടറ-കോട്ടയം ബസ് സർവ്വീസ്

86 [3520] *ശ്രീ. കെ. സി. ജോസഫ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മാട്ടറനിന്നും കോട്ടയത്തേയ്ക്ക് സർവ്വീസ് നടത്തിവന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് എന്നാണ് നിർത്തലാക്കിയതെന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly